**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6425** **10-11-2021 - ൽ മറുപടിയ്ക്ക്**

**സബ് രജിസ്ട്രാർ ഓഫീസിന് പ്ലാനിൽ അംഗീകരിച്ചത് പ്രകാരമുള്ള സ്ഥലം നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മിനി സിവിൽ സ്റ്റേഷനുകളുടെ ഉത്തരവാദിത്തം ആർക്കാണെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ മിനി സിവിൽ സ്റ്റേഷനുകളുടെ ഭരണനിയന്ത്രണം ജില്ലാ കളക്ടർമാർക്കും താലൂക്ക് ഹെഡ് ക്വാർട്ടേഴ്സുകളിലുള്ള മിനി സിവിൽ സ്റ്റേഷനുകളുടെ ഭരണ നിയന്ത്രണം തഹസീൽദാർമാർക്കും ആണ്. |
| (ബി) | ഇവയുടെ നിർമ്മാണ സമയത്ത് വകുപ്പുകൾ തിരിച്ച് ഓഫീസുകൾക്കുള്ള സ്ഥലം നിശ്ചയിച്ച് നൽകുന്ന ഉത്തരവാദിത്തം ആർക്കാണെന്ന് അറിയിക്കാമോ; | (ബി) | നിർമ്മാണ പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് എസ്റ്റേറ്റ് കമ്മിറ്റി തീരുമാനപ്രകാരം സ്ഥലം അനുവദിച്ചു വരുന്നു. |
| (സി) | പ്ലാൻ പ്രകാരം സബ് രജിസ്ട്രാർ ഓഫീസിനു വേണ്ടി നിശ്ചയിച്ച സ്ഥലത്ത് നിലവിൽ ഏത് ഓഫീസാണ് പ്രവർത്തിക്കുന്നതെന്ന് അറിയിക്കാമോ; | (സി) | കുന്ദമംഗലം മിനി സിവിൽ സ്റ്റേഷന്റെ അംഗീകരിച്ച പ്ലാനിൽ സബ് രജിസ്ട്രാർ ഓഫീസിന് വേണ്ടി സ്ഥലം നീക്കി വച്ചിട്ടില്ല. |
| (ഡി) | സബ് രജിസ്ട്രാർ ഓഫീസിന് പ്ലാനിൽ അംഗീകരിച്ചത് പ്രകാരമുള്ള സ്ഥലം നൽകുന്നതിന് നടപടി സ്വീകരിക്കാമോ? | (ഡി) | കുന്ദമംഗലം മിനി സിവിൽ സ്റ്റേഷന്റെ അംഗീകരിച്ച പ്ലാനിൽ സബ് രജിസ്ട്രാർ ഓഫീസിന് വേണ്ടി സ്ഥലം നീക്കി വച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ